ഭേദഗതി ചെയ്ത പ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്തപ്രകാരമുള്ള 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Minister for Food, Tourism and Law (Shri E. Chandrasekharan Nair) : Sir, I move the following amendment :

(418) In the preamble of the bill for the words "decentralisation of powers of local self Government Institutions" the words "decentralisation of powers to local self Government institutions" shall be substituted.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ ..... പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) ; സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 2000-ത്തിലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2000-ത്തിലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

V. പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : പത്താം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനകാലത്ത്, നക്ഷത്രചിഹ്നമിടാത്ത 877, 878, 879, 880 എന്നീ നമ്പർ ചോദ്യങ്ങൾക്ക് നല്കിയ ഉത്തരത്തിൽ സത്യവിരുദ്ധവും, സഭയെ തെറ്റിദ്ധരിപ്പിക്കുന്നവയുമാണെന്നാരോപിച്ച്, ആരോഗ്യവും സ്പോർട്ട്സും വകുപ്പു മന്ത്രിയ്ക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിയ്ക്കുന്നതിന് ശ്രീ. കെ.എ. ചന്ദ്രനും, പത്താം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്ത് 13-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്കിയ മറുപടി സത്യവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിയ്ക്കുന്നതുമാണെന്നും പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

മറുപടി നല്കുകവഴി മുഖ്യമന്ത്രി സഭയുടെ അവകാശാധികാരങ്ങളെ ലംഘിച്ചിരിക്കുന്നുവെന്നും ആരോപിച്ച് മുഖ്യമന്ത്രിയ്ക്കെതിരെ അവകാശലംഘനമുന്നയിക്കുന്നതിന് ശ്രീ. കെ.സി. ജോസഫും പത്താം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനകാലത്ത് 4-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്കിയ മറുപടി സത്യവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിയ്ക്കുന്നതുമാണെന്നതിനാൽ അദ്ദേഹത്തിനെതിരെ അവകാശലംഘന മുന്നയിക്കുന്നതിന് ശ്രീ. ജോണി നെല്ലൂരും; 2000 മാർച്ച് 31-ാം മലയാള മനോരമ ദിനപ്പത്രത്തിൽ 'നിയമസഭ ഇക്കുറി ഗ്രൂപ്പ് ഫോട്ടോ ഉണ്ടാവില്ല'എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്തയും പ്രസ്തുത വാർത്തയ്ക്ക് ആസ്പദമായി ശ്രീ. കെ. ബാബു എം.എൽ.എ. യുടെ പ്രസ്താവനയും ബഹുമാനപ്പെട്ട സ്പീക്കറെ പൊതുജനമദ്ധ്യത്തിൽ അപമാനിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണെന്നാരോപിച്ചുകൊണ്ട് മലയാള മനോരമ ദിനപ്പത്രത്തിന്റെ പ്രിന്റർ, പബ്ലിഷർ എന്നിവർക്കും ശ്രീ. കെ. ബാബു എം.എൽ.എ. യ്ക്കും എതിരെ ശ്രീ. പി. രാഘവനും ഓരോ നോട്ടീസുകൾ നൽകിയിട്ടുണ്ട്. നോട്ടീസുകളെല്ലാം ചെയറിന്റെ പരിഗണനയിലാണ്.

ഇപ്പോൾ സഭയുടെ അവസാന ഘട്ടത്തിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിക്കുന്നതോടുകൂടി അവസാനിക്കും. ഈ സഭ ദൈർഘ്യമേറിയ ഒരു സഭയായിരുന്നു. സാധാരണ ബഡ്ജറ്റ് സമ്മേളനം മാർച്ച് മാസത്തിലാണ് നടക്കുന്നത്. ഈ സമ്മേളനം ഫെബ്രുവരി 18-നാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടി ആരംഭിച്ചത്. ഫെബ്രുവരി 18-ന് ആരംഭിച്ച സമ്മേളനം മാർച്ച് 31-നാണ് അവസാനിക്കുന്നത്. ആകെ 27 ദിവസങ്ങൾ സഭ സമ്മേളിച്ചു. അതിനുള്ള നടപടികൾ നിരവധിയാണ്. ഞാൻ അതിലേക്കൊന്നും കടക്കാനാഗ്രഹിക്കുന്നില്ല. റൂൾ 300 അനുസരിച്ച് തന്നെ പല പ്രധാനപ്പെട്ട ശ്രദ്ധേയങ്ങളായ വിഷയങ്ങൾ സഭയിൽ വരികയുണ്ടായി. തുടർന്ന് റൂൾ 130 അനുസരിച്ച് മണ്ണെണ്ണയുടെയും ഗ്യാസിന്റെയും വില വർദ്ധനവിനെതിരെയുള്ള പ്രമേയവും ചട്ടം 275 അനുസരിച്ചുള്ള പ്രമേയവും നമ്മൾ പാസ്സാക്കുകയുണ്ടായി. ഏറ്റവും പ്രധാനപ്പെട്ട പ്രമേയമാണ് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ചത്. കേരളചരിത്രത്തിൽ തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രമേയം (സംവരണത്തെ സംബന്ധിച്ച) ഭരണഘടനാ ഭേദഗതിക്കുവേണ്ടി ഇന്ന് അംഗീകരിക്കുകയുണ്ടായി. പിന്നെ 46 ശ്രദ്ധക്ഷണിക്കലുകളുണ്ടായിരുന്നു. 18 അടിയന്തിര പ്രമേയങ്ങൾക്ക് നോട്ടീസ് ലഭിച്ചിരുന്നു. ഈ സഭയിലെ ശ്രദ്ധേയമായ ഒരു കാര്യമാണ് എൻ. സി.പി. എന്ന പാർട്ടിയെ നിയമസഭ കക്ഷിയായി അംഗീകരിച്ചത്. ബഡ്ജറ്റ് സമ്മേളനമായിരുന്നുവെങ്കിലും 11 ബില്ലുകൾ പാസ്സാക്കുകയുണ്ടായി. ഒരു ബഡ്ജറ്റ് സമ്മേളനമാണോ, നിയമനിർമ്മാണത്തിനുവേണ്ടിയുള്ളതാണോ യെന്ന് സംശയം തോന്നാവുന്ന തരത്തിൽ 11 നിയമനിർമ്മാണങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകാര്യബില്ലും ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. 11 നിയമനിർമ്മാണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ നിയമനിർമ്മാണമാണ് ഇപ്പോൾ പാസ്സാക്കിയിട്ടുള്ള അധികാര വികേന്ദ്രീകരണത്തിന്റെ സമഗ്രമായ ഭേദഗതി നിയമം. മുപ്പത്തിയഞ്ചോളം നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കേരളനിയമസഭയുടെ ചരിത്രത്തിൽ തന്നെ ഇത്രയധികം നിയമങ്ങൾ ഒരുമിച്ച് ഭേദഗതി വരുത്തിക്കൊണ്ടുള്ള നിയമനിർമ്മാണ ഭേദഗതിയുണ്ടായിട്ടില്ലെന്നുള്ളതും ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അതിന് മുൻകൈയെടുത്ത തദ്ദേശസ്വയംഭരണ വകു

LIBRARY ARCHIVES Kerala Legislative Assembly

പ്പുമന്ത്രിയേയും അതിന് എല്ലാ ഒത്താശകളും ചെയ്ത് കൊടുത്ത് ബിൽ ഇവിടെ പൈലറ്റുചെയ്തുകൊണ്ടുവന്ന ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അവസാനം പ്രതിപക്ഷമില്ലെങ്കിലും പ്രതിപക്ഷത്തിന്റെ അസാന്നിദ്ധ്യത്തിലും സഭാ നടപടികൾ ഭംഗിയായി കൊണ്ടുപോകാൻ കഴിഞ്ഞുവെന്ന കാര്യം പറയുകയാണ്. അതിന് സഭാനേതാവായ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മാധ്യമങ്ങൾ, മറ്റു നേതാക്കൾ നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർ ഇവരുടെയെല്ലാം അശ്രാന്തമായ പരിശ്രമമുണ്ടായിട്ടുണ്ട്. അവരെയെല്ലാം ഈ സന്ദർഭത്തിൽ ഞാൻ മുക്തകണ്ഠം അഭിനന്ദിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഗവണ്മെന്റിന് മറ്റ് ബിസിനസുകൾ ഉടനെ സഭയിൽ നടത്താനില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

സഭ ഉച്ചയ്ക്കു ശേഷം 12.13-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly